**ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST**

**CLASS 10 (ANNUALEXAM 2024)**

**1) പഴയ നിയമത്തിൽ ആദിമ പിതാക്കന്മാരുടെ കാലത്തെ ആരാധന സംബന്ധിച്ചു ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക**
A) ദൈവാനുഭവമുണ്ടാകുന്ന സ്ഥലങ്ങളിൽ വച്ചെല്ലാം ആരാധന നടത്തിയിരുന്നു
B) ആരാധനയ്ക്ക് പുരോഹിതന്റെ സാന്നിധ്യം നിർബന്ധമായിരുന്നു
C) സമാഗമന കൂടാരത്തിൽ മാത്രമാണ് ആരാധന നടത്തിയിരുന്നത്
D) യരുശലേം ദേവാലയത്തിൽ മാത്രമാണ് ആരാധന നടത്തിയിരുന്നത്

**2) പഴയ നിയമ മൂലഭാഷയിലെ 'കോഹെൻ' എന്ന വാക്കിന്റെ അർത്ഥം ?**
A) ദൈവസന്നിധിയിൽ വണങ്ങുക
B) ദൈവ ഇഷ്ടം നിറവേറ്റുക
C) ദൈവത്തിൽ നിന്നും അനുഗ്രഹം പ്രാപിക്കുക
D) ദൈവ കൃപയിൽ ജീവിക്കുക

**3) പെസഹാ പെരുന്നാളിന് യോജിക്കുന്ന പരാമർശം**
A) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും കാർഷികോത്സവവും
B) കാർഷിക വിളവെടുപ്പ് കഴിയുമ്പോഴുള്ള സന്തോഷ ത്തിന്റെ പെരുനാൾ
C) ആദ്യഫലപ്പെരുനാൾ
D) അടിമത്തത്തിൽ നിന്നുള്ള വിമോചനത്തിന്റെ പെരുനാൾ

**4) പുരീം പെരുനാളുമായി യോജിക്കാത്ത പ്രസ്താവന ഏത് ?**
A) ദേവാലയ ശുദ്ധീകരണത്തിന്റെ പെരുനാൾ
B) മൊർദെഖായിയുടെ ദിവസം
C) പ്രകാശത്തിന്റെ പെരുനാൾ
D) ഹാമാനിൽ നിന്ന് രക്ഷപെട്ടതിന്റെ ഓർമപ്പെരുനാൾ

**5) ജ്ഞാനത്തിന്റെ പുസ്തകങ്ങളായി അറിയപ്പെടുന്ന പുസ്തകങ്ങൾ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
A) ഇയ്യോബിന്റെ പുസ്തകം, സദൃശ വാക്യങ്ങൾ, സഭാപ്രസംഗി
B) സദൃശ വാക്യങ്ങൾ, സങ്കീർത്തനങ്ങൾ, യെശയ്യാവ്
C) സഭാപ്രസംഗി, ഉത്തമഗീതം, സദൃശ വാക്യങ്ങൾ
D) ഇയ്യോബിന്റെ പുസ്തകം, ആവർത്തനം, യെശയ്യാവ്

**6) പെസഹാ എന്ന വാക്കിന്റെ അർഥം**
A) കടന്നു പോക്ക്
B) അന്ത്യ അത്താഴം
C) ശുചീകരണം
D) മോചനം

**7) പഴയ പുതിയ നിയമങ്ങളുടെ ഇടക്കാല സമയവുമായി യോജിക്കാത്ത പ്രസ്താവന ?**
A) ബാബേൽ പ്രവാസം ഈ കാലയളവിലാണ് ഉണ്ടായത്
B) യൂദാ മക്കാബിയസ് ഈ കാലഘട്ടത്തിലാണ് ഉള്ളത്
C) ഉത്തര കാനോനിക ഗ്രന്ഥ ങ്ങൾ ഈ കാലഘട്ടത്തെ സൂചിപ്പിക്കുന്നു
D) സദൂക്യർ, പരീശർ തുടങ്ങിയ ഗ്രൂപ്പുകൾ ഈ കാലഘട്ടത്തിൽ ഉണ്ടായി

**8) പഴയ നിയമത്തിലെ ആറാമത്തെയും അവസാനത്തെയും പുസ്തകങ്ങളുടെ**

**പേരുകൾ**
**A) യോശുവ , മാലാഖി**
B) ആവർത്തനം, മാലാഖി
C) ആവർത്തനം, സെഖര്യാവ്
D) യോശുവ, സെഖര്യാവ്

**9) ദീർഘദർശിമാരിൽ തലവൻ എന്ന് നാം പ്രഘോഷിക്കുന്ന വ്യക്തി**
**A) മോശ**
B) യോശുവ
C) യെശയ്യാവ്
D) യിരെമ്യാവ്

**10) ബൈബിൾ സൊസൈറ്റി യുടെ വേദപുസ്തകവും പ് ശീത്ത വേദപുസ്തകവും തമ്മിലുള്ള പ്രധാന വ്യത്യാസം**
**A) പ് ശീത്ത ബൈബിളിൽ ഇതര കാനോനിക ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു**
B) ബൈബിൾ സൊസൈറ്റി യുടെ വേദപുസ്തകം പാരമ്പര്യത്തിന്റെ ഭാഗമല്ല
C) ഉപയോഗിച്ചിരിക്കുന്ന ഭാഷകളിൽ ഉള്ള വ്യത്യാസം
D) ദൈവത്തിന്റെ ഇടപെടലുകളെക്കുറിച്ചുള്ള വിവരണങ്ങളിൽ ഉള്ള വ്യത്യാസം

**11) തന്നിരിക്കുന്നവയിൽ സഭയിലെ ഇടയന്മാരുടെ കർത്തവ്യങ്ങളെ പ്രതിപാദിക്കുന്ന ലേഖനം തെരഞ്ഞെടുക്കുക**
**A) തീത്തോസ്**
B) എഫെസ്യ
C) കൊലോസ്യ
D) ഫിലിപ്പ്യ

**12) പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളെ സംബന്ധിച്ച് പൊതുവായി ശരിയല്ലാത്ത പ്രസ്താവന ഏത് ?**
**A) ലേഖനങ്ങൾ തെർത്തോസ് എന്ന ആളെ കൊണ്ടാണ് എഴുതിച്ചിട്ടുള്ളത്**
B) ഗ്രീക്ക് ഭാഷയിലാണ് ലേഖനങ്ങൾ എഴുതിയത്
C) ലേഖനങ്ങൾ അഭിവാദ്യത്തോടെയാണ് ആരംഭിക്കുന്നത്
D) ഓരോ സഭയിലെയും പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും പ്രതികരണങ്ങളായിരുന്നു ലേഖനങ്ങൾ

**13) പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ കർത്താവിന്റെ പുനരാഗമനത്തിന് മുമ്പായി നടക്കുമെന്ന് പ്രസ്താവിച്ചിരിക്കുന്ന കാര്യം ?**
**A) ദൈവത്തിനെതിരായി തിന്മയുടെ ശക്തി പ്രത്യക്ഷപ്പെടും**
B) ജീവിച്ചിരിക്കുന്നവരെയും മരണമടഞ്ഞവരെയും ചേർത്ത് കർത്താവു ന്യായവിധിനടത്തും
C) കർത്താവിന്റെ രാജത്വവും ആധിപത്യവും വെളിപ്പെടും
D) എല്ലാവരും യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയും

**14) പൗലോസ് ശ്ലീഹായുടെ പ്രസ്താവനകളിൽ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതു എന്താണ് ?**
**A) സ്നേഹം**
B) ശക്തിയും വിവേചനവും
C) സഭയുടെ കേട്ടുപണിക്കുള്ള കൃപാവരങ്ങൾ
D) പാപപരിഹാരം

**15) 'സഭ ക്രിസ്തുവിന്റെ ശരീരം' എന്നതിനോട് ബന്ധപ്പെടാത്ത പ്രസ്താവന ഏതാണ് ?**
**A) സഭയുടെ റോമാസാമ്രാജ്യത്തിലെ സാർവത്രിക സ്വഭാവം**
B) സഭകൾ ഐക്യത്തിൽ നിലനിൽക്കണം

C) വിശ്വാസികൾ വിവിധ അവയവങ്ങൾ പോലെ ബന്ധപ്പെട്ടിരിക്കുന്നു
D) സഭ ശിരസ്സാകുന്ന ക്രിസ്തുവിന്റെ നിയന്ത്രണത്തിൽ മുന്നോട്ടു പോകണം

**16) പത്രോസ് ശ്ലീഹായുടെ പ്രത്യാശയുടെ ലേഖനത്തിന്റെ ഉള്ളടക്കം ?**
**A) പീഡനത്തിൽ കഴിയുന്നവർക്ക് ധൈര്യം പകരുന്നു**
B) പീഡനത്തിൽ കഴിയുന്നവർക്ക് രക്ഷ പെടുവാനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്നു
C) വേദവിപരീതങ്ങളോട് എങ്ങനെ പ്രതികരിക്കണം എന്ന് പ്രസ്താവിക്കുന്നു
D) സഭയുടെ ശോഭനമായ ഭാവിയെക്കുറിച്ചു പ്രതിപാദിക്കുന്നു

**17) 'യേശുക്രിസ്തു ജഡത്തിൽ വന്നവൻ എന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ ' എന്ന് വേദവിപരീതികളെക്കുറിച്ചു പരാമർശിക്കുന്ന ലേഖനം**
**A) യോഹന്നാൻ**
B) പത്രോസ്
C) യൂദാ
D) യാക്കോബ്

**18) യാക്കോബ് ശ്ലീഹായുടെ ലേഖനത്തെ അടിസ്ഥാനമാക്കിയാൽ ക്രിസ്തീയ ജീവിതത്തിൽ വിശ്വാസവും പ്രവർത്തിയും എങ്ങനെ ആയിരിക്കണം?**
**A) വിശ്വാസവും പ്രവർത്തിയും തുല്യ നിലയിൽ ആകണം**
B) കൂടുതലായി വിശ്വാസവും കൂടെ പ്രവർത്തിയും വേണം
C) ശരിയായ പ്രവർത്തികളാണ് ദൈവത്തിന് ഇഷ്ടം
D) പ്രവർത്തികളല്ല വിശ്വാസമാണ് വേണ്ടത്

**19) ഭാവിയിൽ ദൈവം ഇടപെട്ടു ലോകത്തെ വിധിക്കുന്ന കാര്യങ്ങൾ പ്രതിപാദിക്കുന്ന പുസ്തകം**
**A) വെളിപാട്**
B) യെശയ്യാ പ്രവചനം
C) യിരെമ്യാ പ്രവചനം
D) യൂദായുടെ ലേഖനം

**20) ഒരു പുസ്തകം കാനോനിൽ അംഗീകരിക്കപ്പെടുവാൻ ഉള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക**
**A) ഗ്രന്ഥ കർത്താവ് മാമ്മോദീസ സ്വീകരിച്ച വ്യക്തി ആയിരിക്കണം**
B) ഉള്ളടക്കം വിശ്വാസത്തിനും ജീവിത ക്രമത്തിനും ഉപകരിക്കുന്നതായിരിക്കണം
C) ആരാധനയിൽ ഉപയോഗിച്ച് പൊതുവായ സ്വീകാര്യത ആർജിച്ചിരിക്കണം
D) വിശ്വാസികൾക്ക് ദൈവിക ബോധം നല്കുന്നതായിരിക്കണം

**21) കൗമായിൽ ഉപയോഗിക്കുന്ന 'ഉയരങ്ങളിൽ സ്തുതി, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു ' എന്ന ഭാഗം എവിടെ നിന്ന് എടുത്തിട്ടുള്ളതാണ് ?**
**A) ഓശാന ദിവസം കുട്ടികൾ ആർത്തുവിളിച്ചത്**
B) ഏശായ പ്രവാചകൻ കണ്ട ദർശനം
C) മാലാഖമാരുടെ സ്തുതിപ്പ്
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**22) ഹാശാ ആഴ്ചയിൽ ഉപയോഗിക്കുന്ന 'നാഥാ തേ സ്തുതിയും മാനം .....' എന്ന ഗീതത്തിന്റെ രണ്ടാം വരി തെരഞ്ഞെടുക്കുക**
**A) മഹിമാ വന്ദനകൾ പരിശുദ്ധാല്മന്നും**
B) സിംഹാസന മണയണമീ പ്രാർത്ഥന മശിഹ
C) ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
D) മേലുള്ളൂരിശലേം വാതിൽ

**23) തന്നിരിക്കുന്നവയിൽ ഹാശാ ആഴ്ചയേ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന തെരഞ്ഞെടുക്കുക**
**A) എല്ലാ ദിവസത്തേക്കും ഒരേ കൗമ ആണ് ഉപയോഗിക്കുന്നത്**
B) ഒരു ദിവസത്തെ എല്ലാ യാമങ്ങളിലും ഒരേ കൗമ ആണ് ഉപയോഗിക്കുന്നത്
C) ദുഃഖവെള്ളിയാഴ്ച മാത്രം ഓരോ യാമത്തിനും പ്രത്യേക കൗമ ഉപയോഗിക്കുന്നു
D) ഹാശാ ആഴ്ചയിൽ 'കൃപ; നിറഞ്ഞ മറിയമേ ... ' എന്ന പ്രാർത്ഥന ഉപയോഗിക്കുന്നില്ല

**24) ദുഃഖ വെള്ളിയാഴ്ച എല്ലാ വിശ്വാസികളും ചേർന്ന് ചൊല്ലുന്ന ഒരു പ്രാർത്ഥന തന്നിരിക്കുന്നു. തന്നിരിക്കുന്ന പ്രാർത്ഥനയിലെ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുവാൻ അനുയോജ്യമായ വാക്കുകൾ തെരഞ്ഞെടുക്കുക 'ഞങ്ങളുടെ ...................... അതിനാലേ രക്ഷയുണ്ടായി എന്ന .................... ഞങ്ങൾ കുമ്പിടുന്നു, മശിഹാ തമ്പുരാനേ നീ എഴുന്നള്ളി വരുമ്പോൾ ഞങ്ങളെയും ഓർക്കണമെന്ന് .................... ഞങ്ങളും ചൊല്ലുന്നു'**
**A) ആത്മത്തിന്, സ്ലീബായെ, കള്ളനോടുകൂടി**
B) ജീവിതത്തിന്, മിശിഹായെ, എല്ലാ വിശ്വാസികളോടും കൂടെ
C) ആത്മ ശരീരങ്ങൾക്ക്, കുരിശിനെ, എല്ലാവരോടും കൂടെ
D) ജീവിതത്തിന്, സ്ലീബായെ, സഭയോടുകൂടെ

**25) സുവിശേഷത്തിന്റെ ശനിയാഴ്ച എന്ന് അറിയപ്പെടുന്ന ദിവസം ?**
**A) ദുഃഖ ശനിയാഴ്ച**
B) മിഷൻ സൺഡേയുടെ തലേദിവസം
C) ഈസ്റ്ററിനു ശേഷമുള്ള ആദ്യ ശനിയാഴ്ച
D) ക്രിസ്തുമസിനു ശേഷമുള്ള ആദ്യ ശനിയാഴ്ച

**26) ദൈവമാതാവിന്റെ പ്രാർത്ഥനയാൽ ഭൂമിയിൽ മുഴുവൻ ശാന്തിയുണ്ടാകട്ടെ എന്ന അർഥം വരുന്ന ഗീതം?**
**A) യാചിക്കുന്നു ഞങ്ങളോ ....**
B) വാഴ്‌വേറും നിർമല ...
C) ക്രൂശിന്മേൽ തല ചായി ...
D) ഞാനഞ്ഞുന്നെൻ പാപ ...

**27) തന്നിരിക്കുന്നവയിൽ, സഹദേന്മാരെ കാവ്യാത്മകമായി ചിത്രീകരിച്ചിരിക്കുന്ന ഗീതം ഏത് ?**
**A) ക്രൂശിന്മേൽ തല ...**
B) വെല്ലും ശത്രുക്കളെ നിന്നാൽ ...
C) വാഴ്‌വേറും നിർമല ...
D) യെരുശലേം ഗോഗുൽത്തായിൽ ...

**28) ഇമ്മാനുവേൽ എന്ന വാക്കിന്റെ അർത്ഥം ?**
**A) ദൈവം നമ്മോടുകൂടെ**
B) ദൈവം എന്റെ ബലം
C) ദൈവം എന്റെ ആശ്രയം
D) ദൈവത്തിൽ ഞാൻ ശരണപ്പെടും

**29) പരുമല തിരുമേനി ഗുരുക്കന്മാരെ വളരെ ബഹുമാനിച്ചിരുന്നു എന്നത് കാണിക്കുന്ന ശരിയായ പ്രസ്താവന ഏത്?**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) ഗുരുവിന്റെ മുമ്പിൽ ഇരുന്നു കൊണ്ട് സംഭാഷണം ചെയ്യാറില്ല
C) ഗുരുക്കന്മാരോട് ആദരപൂർവം പെരുമാറി
D) മുളന്തുരുത്തിയിൽ ചെല്ലുമ്പോൾ ഗുരുവിനെ കാണ്ടു സമ്മാനങ്ങൾ കൊടുക്കുവാൻ ശ്രമിച്ചിരുന്നു

**30) സന്യാസ ജീവിതത്തിൽ പരുമല തിരുമേനിയുടെ മാതൃക പുരുഷൻ**
**A) വിശുദ്ധ അന്തോണിയോസ്**
B) വിശുദ്ധ അത്താനാസിയോസ്
C) പുലിക്കോട്ടിൽ തിരുമേനി
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**31) പരുമല തിരുമേനി വിദേശത്തു വച്ച് വാഴിച്ച മെത്രാപോലിത്ത?**
**A) തിമോത്തിയോസ്**
B) അൽവാറീസ് മാർ യൂലിയോസ്
C) ഗീവർഗീസ് ദ്വിതീയൻ ബാവ
D) പൗലോസ് മാർ അത്താനാസിയോസ്

**32) നവീകരണ പ്രസ്ഥാനം ഉണ്ടാകുന്നതിനുള്ള കാരണങ്ങളിൽ ഉൾപ്പെടാത്തത് ?**
**A) കത്തോലിക്കാ സഭയിലെ മിഷൻ പ്രവർത്തന രീതി**
B) ദേശീയതയ്ക്കായുള്ള മുറവിളി
C) നവോദ്ധാനചിന്താഗതിയുള്ള പുസ്തകങ്ങളുടെ സ്വാധീനം
D) അച്ചടിമാധ്യമങ്ങളുടെ സ്വാധീനം

**33) ഭാരതത്തിലെ ആദ്യത്തെ മിഷനറി?**
**A) മാർത്തോമാ ശ്ലീഹാ**
B) വില്യം കേറി
C) ഫ്രാൻസിസ് സേവിയർ
D) റോബർട്ട് ഡി നോബിലി

**34) മാവേലിക്കര പള്ളിപ്രതിപുരുഷ യോഗം കൂടുവാൻ കാരണം?**
**A) നവീകരണ ആശയങ്ങളെക്കുറിച്ചു ചർച്ച ചെയ്യുവാൻ**
B) ഭദ്രാസന വിഭജനം ചർച്ച ചെയ്യുവാൻ
C) പഴയ സെമിനാരി സ്ഥാപനം ചർച്ച ചെയ്യുവാൻ
D) എല്ലാ ഉത്തരങ്ങളും ശരിയാണ്

**35) തന്നിരിക്കുന്നവയിൽ കാലഗണനാക്രമത്തിൽ ശരിയായ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**
**A) പഴയ സെമിനാരി സ്ഥാപനം, മാവേലിക്കര പടിയോല, മുളന്തുരുത്തി സുന്നഹദോസ്, റോയൽ കോടതി വിധി**
B) മാവേലിക്കര പടിയോല, മുളന്തുരുത്തി സുന്നഹദോസ്,പഴയ സെമിനാരി സ്ഥാപനം, റോയൽ കോടതി വിധി
C) പഴയ സെമിനാരി സ്ഥാപനം, റോയൽ കോടതി വിധി, മാവേലിക്കര പടിയോല, മുളന്തുരുത്തി സുന്നഹദോസ്
D) മുളന്തുരുത്തി സുന്നഹദോസ്,പഴയ സെമിനാരി സ്ഥാപനം, റോയൽ കോടതി വിധി, മാവേലിക്കര പടിയോല

**36) മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ട വർഷം ?**
**A) 1912**
B) 1915
C) 1810
D) 1812

**37) വിശുദ്ധ കുർബാനയിൽ ആദ്യത്തെ വിശ്വാസ പ്രഖ്യാപന നിമിഷ മായി കരുത്താവുന്നത് ?**
**A) 'നിൻ മാതാവ് വിശുദ്ധന്മാർ' എന്ന് തുടങ്ങുന്ന ഗീതം**
B) 'സർവശക്തിയുള്ള പിതാവായി' എന്ന് തുടങ്ങുന്ന പ്രാർത്ഥന

C) ത്രൈശുദ്ധ കീർത്തനം
D) 'ഭൂവിലശേഷം' എന്ന് തുടങ്ങുന്ന ഗീതം

**38) വിശുദ്ധ കുർബ്ബാനയിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷ നടത്തുന്ന സമയത്തു പാടുന്ന ഗീതം**
**A) അന്പുടയോനെ നിൻ വാതിൽ ...**
B) യാചിക്കേണ്ടതും സമയമിതാ ...
C) 'അഗ്നിമയന്മാർ ആരെനോക്കി ' ...
D) തിരുസുതരായി വരുവാൻ നമ്മെ ...

**39) മാലാഖവൃന്ദം ക്രിസ്തുവിനെ ആരാധിക്കുന്നത് സൂചിപ്പിക്കുന്ന ആരാധനാ ഗീതം**
**A) സ്രാപ്പികളെ കണ്ടേശായ ....**
B) അന്പുടയോനെ ....
C) പ്രാതം കാലത്തിൽ ....
D) ലോകം താത സഹോദരർ ....

**40) വേദപുസ്തകത്തിൽ ത്രിത്വ വിശ്വാസം സൂചിപ്പിക്കുന്ന വേദഭാഗം**
**A) എല്ലാ ഉത്തരവും ശരിയാണ്**
B) അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യ പ്രകാരം മനുഷ്യനെ ഉണ്ടാക്കുക'
C) യോർദാൻ നദിയിലെ യേശുവിന്റെ സ്നാനം
D) യെഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി

**41) യേശു ക്രിസ്തു ശിഷ്യന്മാർക്കു അശുദ്ധാത്മാക്കളെ പുറത്താക്കുവാനുള്ള അധികാരം നൽകിയത് പരാമർശിക്കുന്ന വേദഭാഗം**
**A) വിശുദ്ധ മത്തായി 10: 1-2**
B) വിശുദ്ധ ലൂക്കോസ് 12: 12=14
C) വിശുദ്ധ മർക്കോസ് 15: 21-23
D) വിശുദ്ധ യോഹന്നാൻ 11: 10-12

**42) പ്രാർത്ഥന എന്നത് മനുഷ്യർ തങ്ങളുടെ സൃഷ്ടാവിനോടുള്ള കർത്തവ്യത്തെയും തന്നിൽ നിന്ന് അനുഭവിക്കുന്ന നന്മകളെയും തിരിച്ചറിഞ്ഞു സ്തുതിപാടി ...എന്ന് പ്രസ്താവിച്ച പിതാവ്**
**A) വട്ടശ്ശേരിൽ തിരുമേനി**
B) പരുമല തിരുമേനി
C) ചേപ്പാട് മാർ ദിവന്നാസിയോസ്
D) പാമ്പാടി തിരുമേനി

**43) വിദേശസഭകളുടെ അധികാരകൊതിയ്ക്കു വിധേയനാകാതെ മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ പിതാക്കന്മാരിൽ അഗ്രഗണ്യൻ ?**
**A) വട്ടശ്ശേരിൽ തിരുമേനി**
B) പരുമല തിരുമേനി
C) ചേപ്പാട് മാർ ദിവന്നാസിയോസ്
D) ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ

**44) ദൈവവിളിയുടെ പരമമായ ഉദ്ദേശം?**
**A) ലോകം മുഴുവൻ ക്രിസ്തുവിന്റെ സുവിശേഷവും സ്നേഹവും എത്തിക്കുക**
B) ആത്മീയത പരത്തുക
C) വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക

D) പൂർണ സമയം ദൈവത്തോട് കൂടെയിരുന്നു പ്രാർത്ഥിക്കുക

**45) കൗൺസിലിംഗിനെ സംബന്ധിച്ച് ഏറ്റവും അനുയോജ്യമായ പ്രസ്താവന തെരഞ്ഞെടുക്കുക**
**A) വ്യക്തികളുടെ പ്രശ്നങ്ങളെ അപഗ്രഥിച്ചു സ്വയം തീരുമാനമെടുക്കാൻ സഹായിക്കുന്നു**
B) മാനസിക രോഗികൾക്കുവേണ്ടിയുള്ളതാണ്
C) സ്വഭാവ വൈകൃതമുള്ള കുട്ടികൾക്കാണ് കൗൺസിലിംഗ് നൽകേണ്ടത്
D) എങ്ങനെ ശരിയായി ജീവിക്കണമെന്ന ആത്മീയ പ്രബോധനമാണ്

**46) സമ്പത്തിന്റെ വിനിയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യം തെരഞ്ഞെടുക്കുക**
**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) ദശാംശം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണം
C) അന്യായമായി പണമുണ്ടാക്കാൻ ഒരിക്കലും ശ്രമിക്കരുത്
D) ദൈവം നൽകിയിരിക്കുന്ന കഴിവുകളെയും സമ്പാദ്യമായി കരുതണം

**47) Council of Chalcedon Re-examined എന്ന പുസ്തകത്തിന്റെ രചയിതാവ്**
**A) ഫാ.ഡോ. വി .സി .ശമുവേൽ**
B) ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്
C) പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് II ബാവാ
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**48) തന്നിരിക്കുന്നവയിൽ ഡോ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി വഹിച്ചിട്ടില്ലാത്ത പദവി ഏത് ?**
**A) ദിവ്യബോധനം പദ്ധതിയുടെ കോഓർഡിനേറ്റർ**
B) വൈദിക സെമിനാരി പ്രിൻസിപ്പൽ
C) ഡൽഹി ഭദ്രാസന അധിപൻ
D) അഖില ലോക സഭാ കൗൺസിൽ പ്രസിഡന്റ്

**49) തന്നിരിക്കുന്നവയിൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവയെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഏത് ?**
**A) വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധൻ ആയി പ്രഖ്യാപിച്ചു**
B) ഏറ്റവും കൂടുതൽ കാലം സഭയുടെ മേലധ്യക്ഷൻ ആയി സഭയെ നയിച്ചു
C) സഹദേന്മാരുടെ ചരിത്രം, പറുദൈസാ എന്നീ പുസ്തകങ്ങൾ രചിച്ചു
D) എഡിൻബറോ ഫെയ്ത് ആൻഡ് ഓർഡർ സമ്മേളനത്തിൽ പങ്കെടുത്തു

**50) തന്നിരിക്കുന്നവയിൽ യുഗാന്ത്യത്തോട് യോജിക്കാത്ത വേദഭാഗം ?**
**A) രണ്ടോ മൂന്നോ പേര് എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്**
B) നിങ്ങളെ വിട്ട് സ്വർഗാരോഹണം ചെയ്ത യേശു വീണ്ടും വരും
C) നിങ്ങളുടെ കർത്താവു ഏതു ദിവസത്തിൽ വരുന്നു എന്ന് അറിയായ്ക കൊണ്ട് ഉണർന്നിരിപ്പിൻ
D) കല്ലറകളിൽ ഉള്ളവർ അവന്റെ ശബ്ദം കേട്ട് നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കയും പുനരുദ്ധാനം ചെയ്യുന്ന നാഴിക വരുന്നു